LIBRARY ARCHIVES Kerala Legislative Assembly

രണ്ടാം കുട്ടനാട് പാക്കേജ്

157(2193) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ടാം കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പ്രവൃത്തികളാണ് ജലവിഭവ വകുപ്പുമുഖേന നടപ്പിലാക്കുന്നതിന് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ രണ്ടാം കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ജലസേചന വകുപ്പുമായി ബന്ധപ്പെട്ട് തോട്ടപ്പള്ളി സ്പിൽവേയുടെ ആഴവും വീതിയും കൂട്ടൽ, എ.സി കനാൽ നവീകരണം, പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണം എന്നീ പദ്ധതികളാണ് നടപ്പിലാക്കുന്നതിനായി ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) വെള്ളക്കെട്ടുമൂലം കുട്ടനാട്ടിലെ ജനങ്ങൾ അനുഭവിച്ചുവരുന്ന ദുരിതങ്ങൾ അവസാനിപ്പിക്കുവാൻ പര്യാപ്തമായ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതെന്ന് അറിയിക്കുമോ?

വെള്ളക്കെട്ടുമൂലം കുട്ടനാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ അവസാനിപ്പിക്കുവാൻ Plan fund, NABARD പദ്ധതികൾ, SDRF എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി തോടുകളുടെയും നീർച്ചാലുകളുടെയും പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ആയതിന്റെ പുരോഗതി നിർവ്വഹണ ഉദ്യോഗസ്ഥർ സൂക്ഷ്മമായി നിരീക്ഷിക്കുകയും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്രാദേശികതലത്തിൽ പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹരിച്ച് മുന്നോട്ട പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

(സി) പ്രസ്തുത പാക്കേജിന് അനുവദിക്കുന്ന തുക സമയബന്ധിതമായി ചെലവഴിച്ച് കുട്ടനാട്ടിലെ ജനങ്ങളുടെ പ്രയാസങ്ങൾ ദൂരീകരിക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വെള്ളക്കെട്ടുമൂലം കുട്ടനാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ അവസാനിപ്പിക്കുവാൻ Plan fund, NABARD പദ്ധതികൾ SDRF എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി തോടുകളുടെയും നീർച്ചാലുകളുടെയും പുനരുദ്ധാരണ

പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ആയതിന്റെ പുരോഗതി നിർവ്വഹണ ഉദ്യോഗസ്ഥർ സൂക്ഷ്മമായി നിരീക്ഷിക്കുകയും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്രാദേശികതലത്തിൽ പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങളിലിടപെട്ട് പരിഹരിച്ച് മുന്നോട്ട് പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

കാർഷിക ജലസേചന പദ്ധതി

158(2194) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കാർഷിക മേഖലയ്ക്ക് ഉത്തേജനം നൽകുന്നതിനായി വിഭാവനം ചെയ്ത കാർഷിക ജലസേചന പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിലെ കാർഷിക മേഖലയുടെ ഉന്നമനത്തിനായി വിഭാവനം ചെയ്ത കാർഷിക ജലസേചന പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ കയ്യൂർ-ചീമേനി, ചെറുവത്തൂർ, പടന്ന, പീലിക്കോട് പഞ്ചായത്തുകളിൽപ്പെടുന്ന നാലിലംകണ്ടം മുതൽ എടച്ചാക്കൈ വരെയുള്ള 618 ഹെക്ടർ പ്രദേശത്ത് കൃഷിസ്ഥലങ്ങളുടെയും ജലസ്രോതസ്സുകളുടെയും പ്രാഥമിക വിവരശേഖരണവും സർവ്വേ നടപടിയും കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുകയും പ്രദേശത്തെ വിവിധ പാടശേഖര സമിതികളുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേരുകയും കാർഷിക രംഗത്തുള്ള പ്രശ്നങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് ഉദ്ദേശം 100 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. വിശദമായ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

വൻകിട ജലസേചന വിഭാഗം പ്രവൃത്തികൾ

159(2195) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡലത്തിൽ ജലസേചന വിഭാഗം മുഖാന്തരം നടപ്പിലാക്കുന്നതിനായി 2019-20 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അവയുടെ നിലവിലെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly